**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1068** **27-07-2021 - ൽ മറുപടിയ്ക്ക്**

**മാവേലിക്കരയിൽ കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ആർ.ഐ.ഡി.എഫ്. XXVൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിലെ കരിങ്ങാലിച്ചാൽ പുഞ്ചയുടെ വികസന പ്രവൃത്തികൾക്കും, തഴക്കര പഞ്ചായത്തിലെ കോതറ, പോരാടി പുത്തൻ കുളങ്ങളുടെ നവീകരണത്തിനും 808.00ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആർ.കെ.വി.വൈ-2018-19-ൽ ഉൾപ്പെടുത്തി നൂറനാട് സൗത്ത് പഞ്ചായത്തിലെ പള്ളിമുക്കം പാടശേഖരത്തിന്റെ വികസന പ്രവൃത്തികൾക്ക് 120.46 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആർ.ഐഡി.എഫ്-26ൽ ഉൾപ്പെടുത്തി പാലമേൽ പഞ്ചായത്തിലെ എമ്പ്ര പാടശേഖരത്തിന്റേയും, അനുബന്ധകുളത്തിന്റെയും വള്ളികുന്നം പഞ്ചായത്തിലെ വള്ളികുന്നം സൗത്ത് പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ടി പദ്ധതികളിൽ ആർ.ഐ.ഡി.എഫ്. XXIV-ലും ആർ.ഐ.ഡി.എഫ്. XXV-ലും ഉൾപ്പെട്ട പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ; | (ബി) | ആർ.ഐ.ഡി.എഫ്. XXIV ൽ ഒരു പ്രവൃത്തിക്കും തന്നെ അനുമതി ലഭിച്ചിട്ടില്ല. എന്നാൽ, ആർ.ഐ.ഡി.എഫ്. XXVൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിലെ കരിങ്ങാലിച്ചാൽ പുഞ്ചയുടെ വികസന പ്രവൃത്തികൾക്കും തഴക്കര പഞ്ചായത്തിലെ കോതറ, പോരാടി പുത്തൻ കുളങ്ങളുടെ നവീകരണത്തിനും 808.00ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ തോട് ആഴം കൂട്ടൽ/ബണ്ട് ബലപ്പെടുത്തൽ 15600മീറ്റർ, കരിങ്കൽ ഭിത്തി നിർമ്മാണം-4150മീറ്റർ, പമ്പ് ഹൗസ്/പമ്പിംഗ് സിസ്റ്റം-7എണ്ണം, റാമ്പുകൾ-4എണ്ണം, സ്ലൂയിസ്-2എണ്ണം, ക്രോസ് ബാർ-3എണ്ണം, കുളങ്ങളുടെ പുനരുദ്ധാരണം-3 എണ്ണം എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | മാവേലിക്കര മണ്ഡലത്തെ തരിശുരഹിതമാക്കുന്നതിന് കൃഷിവകുപ്പ് | (സി) | കഴിഞ്ഞ 5 വർഷത്തിനിടയിൽ 1179.57 ഹെക്ടർ നെൽവയലുകൾ തരിശുരഹിതമാക്കി |

| | | | |
|---|---|---|---|
| | നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കുമോ? | | കൃഷിയോഗ്യമാക്കിയിട്ടുണ്ട്. കൂടാതെ പച്ചക്കറി വികസന പദ്ധതി പ്രകാരം 81.7401 ഹെക്ടർ തരിശുപ്രദേശങ്ങൾ കൃഷിയിലേക്ക് കൊണ്ടുവരാൻ സാധിച്ചു. 1929 ഹെക്ടർ എള്ളുകൃഷിയും 11.392 ഹെക്ടർ വാഴകൃഷിയും 50.087 ഹെക്ടർ കിഴങ്ങ് വർഗ്ഗകൃഷിയും നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ